LIBRARY ARCHIVES Kerala Legislative Assembly

കണ്ടുവരുന്നത്. നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി ഇത്തരം നികുതി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നികുതിവെട്ടിപ്പ് നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

നികുതിവെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് സുതാര്യമാക്കുന്നതിനുമുള്ള പുതിയ പദ്ധതികൾ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കൂടാതെ ഓഡിറ്റ്, ടെയിനിംഗ് തുടങ്ങിയവ കൂടുതൽ ശക്തിപ്പെടുത്തി നികുതിവെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് നികുതിവെട്ടിപ്പ് തടയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) നികുതിവെട്ടിപ്പ് തടയുന്നതിനായി സി.സി.ടി.വി. ദൃശ്യങ്ങൾ ജി.എസ്.ടി. ഓഫീസിലും പോലീസ് സ്റ്റേഷനിലും നൽകണമെന്ന തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഇല്ല.

പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി

144 (529) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

പെട്രോളിന് ലിറ്ററിന് 30.08% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും ഡീസലിന് ലിറ്ററിന് 22.76% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും, വാണിജ്യ ആവശ്യത്തിനുള്ള പാചകവാതകത്തിന് സംസ്ഥാന ചരക്കുസേവന നികുതി 9%-വും ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിന് സംസ്ഥാന ചരക്കു സേവന നികുതി 2.5%-ഉം എന്നിങ്ങനെയാണ് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി നിരക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ധനവില വർദ്ധനവ് ജനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. തൽഫലമായി ഉണ്ടായ ഇന്ധനവില വർദ്ധനവ് ജനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

(സി) 2016-17 മുതൽ 2020-21 വരെ ഇന്ധന വിലയിലൂടെ സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം എത്ര കോടി രൂപയാണെന്നറിയിക്കാമോ?

2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര തുക സംസ്ഥാന ഖജനാവിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ 2021 സെപ്റ്റംബർ വരെ 3323.91 കോടി രൂപ ലഭിച്ചു.

സർക്കാർ കേസുകളിൽ പുറമേനിന്നുള്ള അഭിഭാഷകർ

145 (530) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഏതൊക്കെ കേസുകളിലാണ് പുറമേനിന്നുള്ള അഭിഭാഷകരുടെ സേവനം സ്വീകരിച്ചിട്ടുള്ളത്?

2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ബഹു. ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും വാദിക്കുന്നതിനായി പുറമെ നിന്നുള്ള അഭിഭാഷകരെ വിനിയോഗിച്ച കേസുകൾ സംബന്ധിച്ചുള്ള പട്ടിക അനുബന്ധം I*ആയി ചേർത്തിട്ടുള്ളതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.